## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 480** | **02/12/2014-ൽ മറുപടി പറയേണ്ടിയിരുന്നത്**

### സി.എസ്.ടി രജിസ്ട്രേഷൻ ഉള്ള കോൺട്രാക്ടർമാർക്ക് അനുവദിച്ച നികുതിയിളവ്

| | ചോദ്യം<br>ഡോ.ടി.എം.തോമസ് ഐസക് | | മറുപടി<br>ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്ത് നിർമ്മാണത്തിലേർപ്പെട്ട സി.എസ്.ടി.രജിസ്ട്രേഷൻ ഉള്ള കോൺട്രാക്ടർമാർ അന്യസംസ്ഥാനത്ത് നിന്ന് നിർമ്മാണസാമഗ്രികൾ വാങ്ങിയ ഇനത്തിൽ തന്നാണ്ടിൽ സർക്കാരിന് ലഭിച്ച നികുതിവരുമാനം സംബന്ധിച്ച് വിശദമാക്കാമോ? | (എ) | കഴിഞ്ഞസാമ്പത്തികവർഷം നിലവിലുണ്ടായിരുന്ന കോമ്പൗണ്ടിംഗ് നികുതി ഘടന പ്രകാരം കേന്ദ്രവിൽപനനികുതി രജിസ്ട്രേഷനുള്ള കോൺട്രാക്ടർമാർ സംസ്ഥാനത്തിന് പുറത്തുനിന്ന് വാങ്ങുന്ന സാധനങ്ങൾക്ക് വാങ്ങൽ വിലയിൽഷെഡ്യൂൾ നിരക്കിൽ നികുതി അടയ്ക്കണമായിരുന്നു. അത് ഈ വർഷം മാറ്റി മൊത്തം കരാർ തുകയുടെ 6 ശതമാനം സംസ്ഥാനത്തിനകത്തു നിന്നും വാങ്ങുന്ന അൺ രജിസ്ട്രേഡ് പർച്ചേസിന് വാങ്ങൽ നികുതിയുമായി പുനഃക്രമീകരിച്ചു. ഇപ്പോൾ ഓർഡിനൻസ് പ്രകാരം വാങ്ങൽ നികുതി ഒഴിവാക്കി നിരക്ക് 7 ശതമാനമായി ഉയർത്തിയിട്ടുണ്ട്. സംസ്ഥാനത്ത് നിർമ്മാണത്തിലേർപ്പെട്ട സി.എസ്.ടി. രജിസ്ട്രേഷൻ ഉള്ള കോൺട്രാക്ടർമാർ അന്യ സംസ്ഥാനത്ത് നിന്ന് നിർമ്മാണ സാമഗ്രികൾ വാങ്ങിയ ഇനത്തിൽ തന്നാണ്ടിൽ (2014-15 സാമ്പത്തിക വർഷം) സർക്കാരിന് ലഭിച്ച നികുതി വരുമാനം 23.47 കോടി രൂപയാണ്. |
| (ബി | സി.എസ്.ടി. രജിസ്ട്രേഷൻ ഉള്ള എത്ര കോൺട്രാക്ടർമാർ 25 കോടി രൂപയ്ക്ക് മുകളിൽ വിലമതിക്കുന്ന നിർമ്മാണ സാമഗ്രികൾ ഈ വർഷം കൊണ്ടുവരികയുണ്ടായി. അവർ ആരൊക്കെ, അവർ കൊണ്ടുവന്ന സാമഗ്രികൾക്ക് ഏർപ്പെടുത്തിയ നികുതിനിർദ്ദേശങ്ങൾ എത്രയാണെന്ന് വ്യക്തമാക്കുമോ ? | (ബി) | നിലവിലുള്ള നിയമപ്രകാരം ഇവർ കോമ്പൗണ്ടിംഗ് നിരക്കിലാണ് നികുതി അടയ്ക്കുന്നതെങ്കിൽ മൊത്തം കരാർ തുകയുടെ 7% നികുതി അടയ്ക്കണം. സി.എസ്.ടി. രജിസ്ട്രേഷൻ ഉള്ള രണ്ടു കോൺട്രാക്ടർമാർ 25 കോടി രൂപയ്ക്ക് മുകളിൽ വിലമതിക്കുന്ന നിർമ്മാണ സാമഗ്രികൾ ഈ വർഷം കൊണ്ടുവരികയുണ്ടായി; അവർ യഥാക്രമം M/s. Trif Kochi Projects Pvt. Ltd. (എറണാകുളം), M/s. KNR Constructions Ltd., TIN: 3209165458 (പാലക്കാട്) എന്നിവരാകുന്നു. ഇവർ കൊണ്ടുവന്ന സാമഗ്രികൾ 5%, 14.5% എന്നിങ്ങനെയുള്ള നികുതി നിരക്കിലുള്ളവയാണ്. |

| | | | |
|---|---|---|---|
| (സി | നിലവിലുള്ള വ്യവസ്ഥകൾ സംസ്ഥാനത്തിന് പുറത്തുനിന്ന് നിർമ്മാണ സാമഗ്രികൾ കൊണ്ടുവരുന്ന കോൺട്രാക്ടർമാർക്ക് നികുതിയിൽ നിന്നും രക്ഷപ്പെടാൻ സഹായകമായിട്ടുള്ളതാണെന്ന് അറിയാമോ? സംസ്ഥാനത്ത് നിന്ന് നിർമ്മാണസാമഗ്രികൾവാങ്ങി നിർമ്മാണത്തിലേർപ്പെട്ടിരിക്കുന്ന ചെറുകിട കോൺട്രാക്ടർമാർക്ക് ലഭിക്കാത്ത സൗജന്യം വൻകിടകോൺട്രാക്ടർമാർക്ക് ലഭിച്ചത് വഴി സർക്കാരിനുണ്ടായ വരുമാനനഷ്ടം വകയിരുത്തിയിട്ടുണ്ടോ ? | (സി) | കരാർപണിക്കാരുടെ കോമ്പൗണ്ടിംഗ് വ്യവസ്ഥയിൽ 2014-ലെ കേരള ധനകാര്യനിയമം, ഓർഡിനൻസ് 21/2014 എന്നിവ മുഖാന്തിരം കൊണ്ടുവന്നിട്ടുള്ള ഭേദഗതികൾ സംസ്ഥാനത്തിന് പുറത്തുനിന്നും നിർമ്മാണസാമഗ്രികൾ കൊണ്ടുവരുന്ന കോൺട്രാക്ടർമാർക്ക് നികുതിയിൽ നിന്നും രക്ഷപ്പെടാൻ സഹായകമായിട്ടുള്ളതായി വകുപ്പ് വിലയിരുത്തിയിട്ടില്ല. ഇവർ മൊത്തം കരാർ തുകയുടെ 7 ശതമാനം കോമ്പൗണ്ടിംഗ് നികുതി അടയ്ക്കേണ്ടിവരും. മുമ്പുണ്ടായിരുന്ന നിയമ പ്രകാരം പുറത്തുനിന്നും കൊണ്ടുവരുന്ന സാധനങ്ങൾക്ക് ചരക്കുകൂലിയും ലാഭവും ഒഴിവാക്കി വാങ്ങൽവിലയിൽ മാത്രം ഷെഡ്യൂൾ നിരക്കിൽ നികുതി അടച്ചാൽ മതിയായിരുന്നു.ആയത് പരിഗണിക്കുമ്പോൾ മൊത്തം കരാർ തുകയുടെ 7 ശതമാനം നികുതി ഒരു സൗജന്യമാണെന്ന് പറയാൻ കഴിയില്ല. എന്തെന്നാൽ ലേബർ തുകയുടെ പുറത്തും 7 ശതമാനം നികുതി അടയ്ക്കേണ്ടിവരും. |

**സെക്ഷൻ ഓഫീസർ**